# രാജ്യാന്തര ഊർജമേളയ്ക്ക് സമാപനം

തിരുവനന്തപുരം: എനർജി മാനേജ്മെന്റ് സെന്ററിന്റെ ആഭിമുഖ്യത്തിൽ തൈക്കാട് പൊലീസ് ഗ്രൗണ്ടിൽ മൂന്ന് ദിവസമായി നടന്ന കേരള രാജ്യാന്തര ഊർജമേള സമാപിച്ചു. എനർജി മാനേജ്മെന്റ് സെന്റർ ഫൗണ്ടർ ഡയറക്ടർ പ്രൊഫ. വി കെ ദാമോദരൻ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു.

ഊർജമേളയുടെ ഭാഗമായി പൊതുജനങ്ങൾക്കായും എനർജി കോൺഗ്രസിലെ എനർജി ക്ലബ് കേരളയുടെ ഭാഗമായ കോളജ് വിദ്യാർത്ഥികൾക്കായും നടന്ന ക്വിസ് മത്സരങ്ങളിലെ വിജയികൾക്ക് അദ്ദേഹം സമ്മാനങ്ങൾ വിതരണം ചെയ്തു.

ബ്യൂറോ ഓഫ് എനർജി എഫിഷൻസി (സൗത്ത്) മീഡിയ അഡ്വൈസർ ചന്ദ്രശേഖര റെഡ്ഡി, എനർജി മാനേജ്മെന്റ് സെന്ററിന്റെ എനർജി എഫിഷൻസി ഡിവിഷൻ മേധാവി ജോൺസൻ എന്നിവർ ചടങ്ങിൽ സംസാരിച്ചു.

കാർബൺ രഹിത കേരളം എന്ന പ്രമേയത്തിൽ സംഘടിപ്പിച്ച മേള ഹരിതകർമസേന അംഗങ്ങൾക്കുള്ള എൽഇഡി റിപ്പയറിങ് പരിശീലനത്തിനും വിദ്യാർത്ഥികൾക്കായുള്ള സംസ്ഥാന തല മത്സരങ്ങൾ ഉൾപ്പെടുന്ന സ്റ്റുഡന്റ് എനർജി കോൺഗ്രസിനും പുനരുപയോഗ ഊർജസ്രോതസുകൾ, ഇലക്ട്രിക്ക് കുക്കിങ്, ഇലക്ട്രിക്ക് വാഹനങ്ങൾ എന്നിവയുടെ പ്രദർശനത്തിനും വിഷയാവതരണങ്ങൾക്കും വേദിയായി.